## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.392 1/12/2015-ൽ മറുപടിക്ക്**

# ബി.എസ്.ഇ.എസ്. നിലയവുമായി വൈദ്യുതി വാങ്ങൽ കരാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) റിലയൻസിന്റെ ബി.എസ്.ഇ.എസ് നിലയവുമായി വൈദ്യുതി വാങ്ങൽ കരാർ പുതുക്കേണ്ടത് ആവശ്യമാണെന്ന നിലപാട് കെ.എസ്.ഇ.ബി സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കുമോ; | (എ) ബി.എസ്.ഇ.എസ് കേരള പവർ ലിമിറ്റഡിന്റെ കൊച്ചിയിലുള്ള പവർ പ്ലാന്റുമായി ഉണ്ടായിരുന്ന കരാർ 01.11.2015 മുതൽ നാഫ്ത ഇന്ധനമാക്കി നിലനിർത്തിക്കൊണ്ട് ചില നിബന്ധനകൾക്ക് വിധേയമായി 2 വർഷത്തേക്ക്കൂടി നീട്ടാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിന്റെ മൊത്തം വൈദ്യുത ഉപഭോഗത്തിന്റെ ഏകദേശം 70 ശതമാനത്തോളം വൈദ്യുതി കേരളത്തിന് പുറത്ത് നിന്നാണ് ലഭ്യമാക്കുന്നത്. ഏതെങ്കിലും സാഹചര്യത്തിൽ പുറത്ത് നിന്നുള്ള പ്രസരണ ലൈനുകൾ ലഭ്യമാകാതിരുന്നാൽ കേരളം ഇരുട്ടിലാവുന്ന സ്ഥിതിയാണ് നിലവിലുള്ളത്. ഇതിനുപുറമെ ഏതെങ്കിലും കാരണവശാൽ മഴയുടെ ലഭ്യത കുറവുമൂലം കേരളത്തിനകത്തെ വൈദ്യുതി ഉൽപ്പാദനം കുറഞ്ഞാലും മേൽപ്പറഞ്ഞ സാഹചര്യം സംജാതമാകും കൂടുതൽ വൈദ്യുതി ലഭിക്കുന്നതിനായി വിവിധ ഉല്പാദകരുമായി കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിലും പ്രസരണ ലൈനിന്റെ ലഭ്യത ഇനിയും ഉറപ്പായിട്ടില്ല.<br>മഴ കുറയുകയോ പുറത്തു നിന്നുള്ള പ്രസരണ ലൈനുകളിൽ എന്തെങ്കിലും പ്രശ്നം വരികയോ ചെയ്താൽ കേരളത്തിനകത്ത് ഉണ്ടാകാവുന്ന രൂക്ഷമായ വൈദ്യുതി ക്ഷാമം ഒഴിവാക്കാൻ വേണ്ടി പകരം ഉപയോഗിക്കാവുന്ന പ്ലാന്റായി ബി. എസ്.ഇ. എസ് കേരളാ പവർ പ്ലാന്റിനെ രണ്ട് വർഷംകൂടി നിലനിർത്താൻ തീരുമാനിച്ചത്. |

| | | |
|---|---|---|
| (ബി) | കരാർ പുതുക്കുന്നതിന് റിലയൻസ്(ബി) ബി.എസ്.ഇ.എസ് നിലയം സമർപ്പിച്ച ശുപാർശ റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ കെ.എസ്.ഇ.ബി സമർ പ്പിച്ചിരുന്നോ; ആയത് കമ്മീഷൻ അംഗീകരിച്ചോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | കരാർ പുതുക്കുന്നത് സംബന്ധിച്ച് ബി.എസ്. ഇ.എസ് കേരളാ പവർ 03.10.2015-ന് കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ അപേക്ഷ സമർപ്പി ച്ചിരുന്നു. ആയതിൽ 27.10.2015-ൽ കമ്മീഷൻ വാദം കേട്ട ശേഷം 28.10.2015-ൽ ഡെയിലി ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് പ്രസ്തുത കരാർ 30.11.2015വരെ നീട്ടാൻ കമ്മീഷൻ അനുമതി നൽകിയിട്ടുണ്ട്. വൈദ്യുതി വാങ്ങൽ കരാർ പുതുക്കുന്നതും ഇതു പ്രകാരമുള്ള താരിഫും മറ്റു നിബന്ധനകളും കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ അന്തിമ അനുമതിക്ക് വിധേയ മായി മാത്രമായിരിക്കും. |

**സെക്ഷൻ ഓഫീസർ**